**മഹാത്മാഗാന്ധി സർവ്വകലാശാല**

**(സംഗ്രഹം)**

ഭരണനിർവ്വഹണം - സർവ്വകലാശാലയിൽ ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതു സംബന്ധിച്ച് നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം എ-4 സെക്ഷൻ**

**നം. 6227/എ4/1/2016/ഭരണവിഭാഗം** **തീയതി, പി.ഡി.ഹിൽസ്, 23.11.2016**

---

പരാമർശം: No. Regr./2/358/2016 തീയതി 21.11.2016-ലെ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ഔദ്യോഗികഭാഷ സംബന്ധിച്ച് നിയമസഭാ സമിതിക്കു മുമ്പിൽ രജിസ്ട്രാർ 17.11.2016 ഹാജരായി. സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സർവ്വകലാശാലയിൽ ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിനായി നിയമസഭാ സമിതിയുടെ താഴെപറയുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കുവാൻ വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. പദങ്ങൾ പരിഭാഷ ചെയ്യാനായി ഒരു സമിതി രൂപീകരിക്കുകയും ഭരണ ശബ്ദാവലി രൂപപ്പെടുത്തുകയും ചെയ്യുക.
2. മലയാളത്തിൽ ബജറ്റ് രൂപീകരിക്കുക.
3. ശിൽപ്പശാലകൾ നടത്തുക.
4. ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിൽ സമർപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കുക.
5. എല്ലാ സത്യവാങ്മൂലങ്ങളും മലയാളത്തിൽ ആക്കുക.
6. പരിഭാഷയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ അച്ചടിക്കുക.
7. അധികാര സമിതികളിലേക്കുള്ള കുറിപ്പുകൾ, ഫയലുകൾ, യോഗവിവരങ്ങൾ, തീരുമാനങ്ങൾ എന്നിവ മലയാളത്തിൽ തയ്യാറാക്കുക.
8. സർവ്വകലാശാല പരസ്യങ്ങൾ, ശിലാഫലകങ്ങൾ എന്നിവ മലയാളത്തിൽ പ്രദർശിപ്പിക്കുക.
9. സർവ്വകലാശാലാ ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുകയും അവ സർവ്വകലാശാല വെബ് സൈറ്റിൽ പ്രദർശിപ്പിക്കുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**ശ്രീലത എൻ.**
**അസിസ്റ്റന്റ് രജിസ്ട്രാർ - 1 (ഭരണവിഭാഗം)**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:

1. ഏകോപനാധികാരി, ഭരണഭാഷാവിഭാഗം
2. വൈസ് ചാൻസിലർ, പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എസ്റ്റേറ്റ് ഓഫീസർ/നഎ.ആർ-1/ഡി.ആർ-1(ഭവി.)/എല്ലാ സെക്ഷനുകളും
5. റെക്കോർഡ്സ്/കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**